# ഒന്നു ശ്രദ്ധിച്ചാൽ ഒഴിവാക്കാം വൻകുടൽ കാൻസർ!

**ഡോ. ദീപക് കെ ജോൺസൺ**
MD, DM അസോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഗ്യാസ്ട്രോ എന്ററോളജി, ബിലീവേഴ്സ് ഹോസ്പിറ്റൽ, തിരുവല്ല



നമ്മുടെ രാജ്യത്ത് വൻകുടൽ -മലാശയ ( കോളോറെക്ടൽ ) കാൻസറിന്റെ നിരക്ക് താരതമ്യേന കുറവായിരുന്നു എങ്കിലും ജീവിതശൈലിയിൽ വന്ന വ്യത്യാസങ്ങൾ മുൻനിർത്തി ഇപ്പോൾ വൻകുടൽ -മലാശയ കാൻസർ വർധിച്ചു വരികയാണ്. തുടക്കത്തിലേ ശ്രദ്ധിച്ചാൽ ഒഴിവാക്കാനാകുന്ന കോളോറെക്ടൽ കാൻസർ ലക്ഷണങ്ങൾ, പരിശോധന എന്നിവയെപ്പറ്റി പറയുന്നു തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റലിലെ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം തലവനും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ദീപക് കെ ജോൺസൺ.

നമ്മുടെ ദഹനനാളത്തിന്റെ അവസാന ഭാഗമായ വൻകുടൽ (colon), മലാശയം (rectum) എന്നിവയെ ബാധിക്കുന്ന കാൻസറാണു വൻകുടൽ - മലാശയ അർബുദം (കോളോറെക്ടൽ കാൻസർ). ആഗോളതലത്തിൽ മനുഷ്യനെ ബാധിക്കുന്ന കാൻസറുകളുടെ വിഭാഗത്തിൽ മൂന്നാം സ്ഥാനമാണ് കോളോറെക്ടൽ കാൻസറിനുള്ളത്. എന്നാൽ കാൻസർ മൂലമുണ്ടാകുന്ന മരണങ്ങളുടെ നിരക്കിൽ ഇതിനു രണ്ടാം സ്ഥാനമാണുള്ളത്. അമേരിക്ക, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ വൻകുടൽ -മലാശയ കാൻസർ സർവസാധാരണമാണ്. നമ്മുടെ രാജ്യത്ത് കോളോറെക്ടൽ കാൻസറിന്റെ നിരക്ക് താരതമ്യേന കുറവായിരുന്നു എങ്കിലും ജീവിതശൈലിയിൽ വന്ന വ്യത്യാസങ്ങൾ മുൻനിർത്തി ഇപ്പോൾ കോളോറെക്ടൽ കാൻസർ ബാധിക്കുന്നവരുടെ എണ്ണം, പ്രത്യേകിച്ച് 50 വയസ്സിൽ താഴെയുള്ളവരിൽ വർധിക്കുകയാണെന്ന് ഈ രംഗത്തെ വിദഗ്ധർ പറയുന്നു.

## വൻകുടൽ – മലാശയ കാൻസറിന്റെ ലക്ഷണങ്ങൾ

1. തുടക്കത്തിൽ ലക്ഷണങ്ങൾ ഒന്നും കാണിക്കാറില്ല

2. മലത്തിനൊപ്പം രക്തം പോകുക - ഇത് പലപ്പോഴും പൈൽസ് ആണെന്ന് തെറ്റിദ്ധരിക്കപ്പെടുകയും പരിഹാരത്തിനായി ഒറ്റമൂലി ചികിത്സ പോലുള്ളവ ചെയ്യുകയും ചെയ്യുന്നു.

3 . മലബന്ധം ഉണ്ടാകുക - മുൻപ് മലബന്ധം ഇല്ലാതിരുന്നവർക്ക് പെട്ടെന്ന് മലബന്ധം അനുഭവപ്പെടുന്നത് വൻകുടൽ -മലാശയ കാൻസറിന്റെ ലക്ഷണമാകാം

4. അടിക്കടിയുള്ള മലവിസർജനം

5. അടിവയറിൽ അനുഭവപ്പെടുന്ന ശക്തമായ വേദന

6 .അകാരണമായ രക്തക്കുറവ്- രക്തക്കുറവ് പല കാരണങ്ങൾക്കൊണ്ട് ഉണ്ടാകാമെങ്കിലും 50 വയസിനു ശേഷം പുരുഷന്മാരിൽ രക്തക്കുറവ് കണ്ടാൽ അത് വൻകുടൽ -മലാശയ കാൻസർ മൂലമല്ല എന്നുറപ്പാക്കേണ്ടതുണ്ട്. ഇത്തരം അവസ്ഥകളിൽ ഒരു ഗ്യാസ്ട്രോ എന്ററോളജി വിദഗ്ധനെ കണ്ട് കൊളനോസ്കോപ്പി പരിശോധന നടത്തേണ്ടത് അനിവാര്യമാണ്.

## വൻകുടൽ –മലാശയ കാൻസർ എന്തുകൊണ്ട് വ്യത്യസ്തമാകുന്നു ?

സ്ക്രീനിങ് ടെസ്റ്റുകൾ കൊണ്ട് പല കാൻസറുകളും തുടക്കത്തിലേ കണ്ടുപിടിക്കാൻ കഴിയും. കൂട്ടത്തിൽ രോഗം വരും മുൻപു തന്നെ സാധ്യതകൾ കണ്ടെത്തി വരാതെ നോക്കാൻ കഴിയുന്ന ഒന്നാണ് വൻകുടൽ -മലാശയ കാൻസർ. എല്ലാ വൻകുടൽ -മലാശയ കാൻസർ രോഗികൾക്കും തുടക്കം കുടലിനുള്ളിൽ രൂപപ്പെടുന്ന വളരെ ചെറിയ പോളിപ്പുകൾ ആയിരിക്കും. ഇവ അഞ്ചു മുതൽ പത്തു വർഷം കൊണ്ടു വികസിച്ചാണ് കോളോറെക്ടൽ കാൻസർ എന്ന അവസ്ഥയിലേക്ക് എത്തുന്നത്. ഈ കാലയളവിനുള്ളിൽ കൊളനോസ്കോപി വഴി ഇത്തരം പോളിപ്പുകൾ കണ്ടെത്തി നീക്കം ചെയ്യാൻ കഴിഞ്ഞാൽ കാൻസർ സാധ്യത തടയാനാകും.

പൊതുവെ ആർക്കും രോഗം വരാമെങ്കിലും അമിതവണ്ണം , പുകവലി , കുടുംബത്തിൽ കോളോറെക്ടൽ കാൻസർ പാരമ്പര്യമുള്ളവർ എന്നിവർക്ക് സാധ്യത കൂടുതലാണ്. റെഡ് മീറ്റ്, പ്രൊസസ്ഡ് ഫുഡ് എന്നിവ അമിതമായി ഉപയോഗിക്കുന്നവരിലും ഭക്ഷണത്തിൽ നാരുകളും പഴങ്ങളും തീരെ ഉൾപ്പെടുത്താത്തവർക്കും കോളോറെക്ടൽ കാൻസർ വരാനുള്ള സാധ്യത കൂടുതലാണ്.

## എന്താണ് കൊളനോസ്കോപ്പി ? എപ്പോൾ ചെയ്യണം ?

കാമറ ഘടിപ്പിച്ചു ചെയ്യുന്ന, ഏകദേശം 150 സെന്റിമീറ്റർ നീളമുള്ള എൻഡോസ്കോപ്പിയെ ആണ് കൊളനോസ്കോപ്പി എന്നു പറയുന്നത്. കുടൽ ശുദ്ധമാകാനുള്ള പ്രത്യേക മരുന്നുകൾ കഴിച്ചശേഷമാണ് ഈ പരിശോധന നടത്തുന്നത്. വളരെ ചെറിയ മയക്കം മാത്രമാണ് രോഗിക്ക് പരിശോധനാവേളയിൽ അനുഭവപ്പെടുക. 15 -20 മിനുട്ട് വരെ സമയത്തിനുള്ളിൽ പരിശോധന പൂർത്തിയാകും. പരിശോധന നടക്കുമ്പോൾ വൻകുടൽ പൂർണമായും ചെറുകുടലിന്റെ അവസാന ഭാഗവും ഡോക്ടർക്ക് മോണിറ്ററിൽ കാണാൻ കഴിയും. കുടലിനെ ബാധിക്കുന്ന ഒട്ടുമിക്ക അസുഖങ്ങളും ഇതിലൂടെ കാണാൻ കഴിയുകയും നീക്കം ചെയ്യേണ്ട പോളിപ്പുകൾ വേണമെങ്കിൽ ആ സമയം തന്നെ നീക്കം ചെയ്യാനും സാധിക്കുന്നു. കൊളനോസ്കോപ്പി ചെയ്യുമ്പോൾ തന്നെ കുടലിനുള്ളിലെ ചെറിയ ദശകൾ നീക്കം ചെയ്യുന്ന രീതിക്കാണ് പോളിപെക്റ്റമി എന്നു പറയുന്നത്. ആസ്പിരിൻ പോലെ രക്തത്തെ നേർപ്പിക്കുന്ന മരുന്നുകൾ കഴിക്കുന്നവർ അഞ്ചു ദിവസത്തോളം മരുന്ന് ഒഴിവാക്കിയ ശേഷമാണ് ഇതു ചെയ്യേണ്ടത്. കുടലിനുള്ളിലെ വലിയ പോളിപ്പുകൾ നീക്കം ചെയ്യുന്ന രീതിക്ക് എൻഡോസ്കോപ്പിക്ക് മ്യൂക്കോസൽ റിസെക്ഷൻ (EMR), എൻഡോസ്കോപ്പിക് സബ്മ്യൂക്കോസൽ ഡിസെക്ഷൻ (ESD) എന്നാണു പറയുക.

കൊളനോസ്കോപ്പി ചെയ്യാൻ പേടിയുള്ള രോഗികൾക്ക് മലത്തിൽ രക്തത്തിന്റെ സാന്നിധ്യം പരിശോധിക്കാനായി മലപരിശോധന നടത്താറുണ്ടെങ്കിലും ഇത് പൂർണമായും വിജയിക്കണമെന്നില്ല. ഏറ്റവും മികച്ച പരിശോധനമാർഗം കൊളനോസ്കോപ്പി തന്നെയാണ്. കൊളനോസ്കോപ്പി ബയോപ്സി വഴി രോഗം സ്ഥിരീകരിച്ചാൽ നെഞ്ചിന്റെയും വയറിന്റെയും സി റ്റി സ്കാൻ വഴിയാണ് ഏത് സ്റ്റേജിലാണ് എന്നു മനസിലാക്കുക. സ്റ്റേജ് ഒന്നിലുള്ള രോഗികൾക്ക് ശസ്ത്രക്രിയ കൊണ്ടു മാത്രം രോഗമുക്തി നേടാം. സ്റ്റേജ് രണ്ട്, മൂന്ന് എന്നിവയിൽപ്പെടുന്ന രോഗികൾക്ക് ശസ്ത്രക്രിയക്ക് ഒപ്പം കീമോതെറാപ്പിയും ആവശ്യമായി വരും. സ്റ്റേജ് നാലിൽ പെടുന്ന രോഗികൾക്ക് പലർക്കും രോഗമുക്തി എളുപ്പമല്ല. വൻകുടൽ- മലാശയ കാൻസറിനു റേഡിയേഷൻ ചികിത്സയും ഫലപ്രദമാണ്.






BELIEVERS HOSPITAL
THIRUVALLA

St.Thomas Nagar, Kuttapuzha
Thiruvalla,Kerala 689103

PH: 0469 2703100